
M.T.H.S,
KUNDARA
SOUL
2018
little
KITEs

# Mar Thoma HighSchool Kundara

email id-mths@39055
Ph : 0474 2528278

OUR E-MAGAZINE

# SOUL 2018-19

# EDITORIAL BOARD


Chief editor : Sri .T.O.Thankachan
Staff editors : Smt.Susan Philip
Smt.Usha K.Alex
Student editor : Master.Abhiram U.S
Editorial Board :
. Master Adithyan S R
. Master Abhimanue
. Master Indrajith
. Master Sooraj S

Published on—21/01/2019



# സ്കൂൾ ഹെഡ്മാസ്റ്ററിൽനിന്നും ,

സ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബ് ഒരു ഇ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ ഏറെ അഭിമാനിക്കുന്നു.നൂതന സാങ്കേതിക വിദ്യയുടെ ആത്മാവ് ഉൾക്കൊണ്ടുകൊണ്ട് *SOUL 2018-2019* പ്രസിദ്ധീകരിക്കുന്നത് എന്തു കൊണ്ടും അന്വർത്ഥമാണ്.വിജ്ഞാനത്തിന്റെ വാതായനം മലർക്കെ തുറന്നുകിടക്കുന്നു. അതിലൂടെ ക്ലബ് അംഗങ്ങൾജ്ഞാനതൃഷ്ണയോടു കൂടി കയറിയിറങ്ങുന്നു.വിപുലമായ ശേഷി വികസനത്തിനും വളർച്ചയ്ക്കും ഈ ഉദ്യമം പ്രയോജനപ്പെടട്ടെ.നേതൃത്വം കൊടുക്കുന്ന അദ്ധ്യാപകർക്കും ക്ലബ് അംഗങ്ങൾക്കും നന്മ നേരുന്നു.



റ്റി.ഒ.തങ്കച്ചൻ

ഹെഡ് മാസ്റ്റർ

മാർത്തോമ്മാ ഹൈസ്കൂൾ കുണ്ടറ

# LITTLE KITE MEMBERS





## EDITORIAL

*I feel extremely happy and proud to present this,E-magazine 'named "SOUL 2018-19" before you.It is our truthfull and sincere attempt to express the imaginations,thoughts,dreams,aspirations and talents of our blooming buds.This E-magazine is exactly a garden of colours and dreams that spread the fragrance of unity among students.*

*I convey my thanks to the little kites co-ordinators ,students and faculty involved in the successful completion of this endeavour in a complete sense of co-operation and goodwill.*

*I hope that this attempt will be a prized possessiion of each and every individualof M.T.H.S and all the little kitemembers.*

*We welcome you to enjoy the splendour,sweetness and soft-ness of this E-magazine "SOUL-2018-19".*

*ABHIRAM U S*
*Student editor*

# ആമുഖം

വിജ്ഞാന വിസ്ഫോടനത്തിന്റെ കാലഘട്ടത്തിലാണ് ഇന്ന് നാം. വിവരസാങ്കേതിക വിദ്യയുടെ സ്വാധീനം എല്ലാ മേഖലകളിലും ദൃശ്യമാണ്. വിവര വിനിമയ വിദ്യയുടെ സങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ദ്യവും അഭിരുചിയുമുള്ള പുതു തലമുറ, കാലഘട്ടത്തിന്റെ ആവശ്യമാണ്.

വായന അറിവിന്റെ വാതായനങ്ങളെ തുറന്നിടുന്നു. എന്നാൽ ഈ വായനയുടെ ലോകത്തേക്കു നാം പ്രവേശിക്കുമ്പോൾ അത് വിസ്മയ കാഴ്ച്ചകളായി തീരുന്നു.വായനയുടെ പുതിയ ലോകം തുറന്നിടാനുള്ള കൈറ്റ് കൂട്ടായിമയുടെ പരിശ്രമമാണ്**'SOUL 2018-19'** എന്ന ഇ- മാഗസിൻ.വായനയുടെ ഒരു പുതിയ ലോകം ഏവർക്കും ആശംസിക്കുന്നു.

എഡിറ്റോറിയൽ ബോർഡ്

# ലിറ്റിൽ കൈറ്റ്സ് റിപ്പോർട്ട് : 2018-19

സാങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായുംസർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി 'ലിറ്റിൽ കൈറ്റ്സ്' എന്ന കുട്ടികളുടെ ഐടി കൂട്ടായ്മ ഹൈടെക്പദ്ധതിയുടെ ഭാഗമായി നമ്മുടെ സ്കൂളിലും ആരംഭിച്ചു. ക്ലബ്ബംഗങ്ങളായി 30 കുട്ടികൾ പ്രവർത്തിച്ചു വരുന്നു.എല്ലാ ബുധനാഴ്ച്ചകളിലും 3:45 മുതൽ 4:45 വരെ യൂണിറ്റ്തല പരിശീലനം സ്കൂളിൽ വച്ച് നടക്കുന്നു.കൈറ്റ്ലീഡർമാരായി മാസ്റ്റർ അഭിറാം .യു.എസും കുമാരി മീനാക്ഷി .ഏ.വി യും പ്രവർത്തിച്ചുവരുന്നു.

**ഗ്രാഫിക്സ്& അനിമേഷൻ,സ്ക്രാച്ച് പ്രോഗ്രാമിങ്, പൈത്തൺ പ്രോഗ്രാമിങ്, മൊബൈൽ ആപ്പ് നിർമ്മാണം, റോബോട്ടിക്സ്,ഇലക്ട്രോണിക്സ്, ഹാർഡ് വെയറ്,മലയാളം കമ്പ്യൂട്ടിങ്ങും,ഡെസ്ക്ക്ടോപ്പ് പബ്ലിഷിങ്ങും,ഇന്റർനെറ്റും സൈബർസുരക്ഷയും** എന്നിങ്ങനെ വിവിധ മേഖലകളാണ് യൂണിറ്റ്തല

പരിശീലനത്തിൽ ഉൾകൊള്ളിച്ചിരിക്കുന്നത്. കൂടാതെ
യൂണിറ്റ്തല ക്യാമ്പിൽ പങ്കെടിപ്പിക്കുന്നതിനും
മികച്ചപ്രവർത്തനം കാഴ്ച്ച വെച്ച വിദ്യാർത്ഥികൾക്ക്
സബ്ബ്ജില്ലാ ക്യാമ്പിൽ പങ്കെടുത്ത്
അനിമേഷൻ,പ്രോഗ്രാമിങ്,ക്യാമറഡോക്കുമെന്റേഷൻ എന്നീ
മേഖലകളിൽ പരിശീലനം
ലഭിച്ചു.സാങ്കേതികവിദ്യയിൽവൈദഗ്ധ്യവും
അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ
ലിറ്റിൽകൈറ്റ്സ് പദ്ധതിയിലൂടെ സാധിക്കുന്നു.
കൈറ്റ്മിസ്ട്രസ്സമാരായി
ശ്രീമതി സൂസൻ ഫിലിപ്പ് ടീച്ചറും ശ്രീമതി ഉഷ .കെ
അലക്സ് ടീച്ചറും പ്രവർത്തിച്ചുവരുന്നു.

# OUR KITE LEADERS



Master:Abhiram U.S



Kumari:Meenakshi AV

**ഇതളുകൾ വിരിയുമ്പോൾ**

കവിത..................................11
പ്രകൃതി...............................11
സൗഹൃദം..............................13
തോണി.................................14
സ്വർണ്ണമീനും കാക്കയും............16
അമ്മ...................................18
A Marvellous Rain.................19
സൗഹൃദം..............................20
പ്രളയത്തിൽ മനുഷ്യനുള്ള പങ്ക്...21
സൗന്ദര്യം.............................22

....................................23
കഥ...............................23
ഒരു അമ്മയും മകനും...................23
ART GALLERY.....................24

കവിത

# പ്രകൃതി



മീനാക്ഷി എ വി
9B

ഒരു കുഞ്ഞു പക്ഷി-
പോൽ ചിറകടിച്ചുയിരുന്ന
ജീവിതമാണീ ലോകം
ഒരു കുഞ്ഞുപാട്ടിന്റെ

ഈണം പൊലെ
ഉയർന്നു താഴന്നീ ഭൂമീ
ഞാനും എന്റെ ഈ ലോകവും
എവിടെയ്ക്ക് പോവുകയാണ്
പറയൂ ജനങ്ങളെ,പറയൂ,പറയൂ
രു കുഞ്ഞു പക്ഷി പോൽ
ചിറകടിച്ചുയരുന്ന ജീവിതമാണീ
ലോകം വായു തരുന്നീ ഭൂമി
സർവ്വവും തരുന്നീ ഭൂമി
ഭൂമിയെ രക്ഷിക്കുകയാണീ
നമ്മുടെ കടമ,നമ്മുടെ കടമ
ഒരു കുഞ്ഞു പക്ഷി പോൽ
ചിറകടിച്ചുയരുന്ന ജീവിത-
മാണീ ലോകം.

കവിത

# സൗഹൃദം



**saranya**
**9B**

**ഒരേ വരാന്തയിൽ നിന്ന് തുടങ്ങിയ സൗഹൃദം**

**ഇന്നുംനിലക്കാതെ മുന്നോട്ട് പോകുന്നു**

**കൊച്ചു കൊച്ചു പിണക്കങ്ങൾ ഇണക്കങ്ങൾ**

**ആയിമാറി സന്തോഷങ്ങളായി നീണ്ടു**

**ഇന്നും ഈ വേളയിൽ കണ്ടു മുട്ടുമ്പോൾ**

**ഓർക്കുവാൻ ഒരുപിടി ഓർമ്മകൾ കൂടെ**

**സങ്കടവേളയിൽ ഒരു നിഴലായി കൂടെ**

**നിന്നതും കൂട്ടുകാർ മാത്രം.**

കഥ

# തോണി



Shincy Issac

9B

ഒരിക്കൽ ഒരു വീട്ടിൽ ഒരു മുത്തശ്ശിയും മുത്തശ്ശനുമുണ്ടായിരുന്നു. അവർക്ക് കുട്ടികൾ ഉണ്ടായിരുന്നില്ല. ഒരിക്കൽ അദ്ദേഹം ഒറ്റയ്ക്ക് ഇരുന്നപ്പോൾ അദ്ദേഹത്തിന്റെ മനസിൽ ഒരു തടികൊണ്ടുള്ള ശിൽപത്തെ നിർമ്മിക്കാമെന്ന് അദ്ദേഹത്തിന് തോന്നി. അങ്ങനെ അദ്ദഹ0 നിർമ്മിക്കുകയും അത് അദ്ദേഹത്തിന്റെ ഭാര്യയെ കാണിക്കുകയു0 അവർക്ക് അത് വളരെ ഇഷ്ടപ്പെടുകയും അതിനെ അവർ താലോലിക്കു-കയും  അങ്ങനെ അത് മനുഷ്യ കുട്ടിയായി മാറുകയും ആ കുട്ടിയെ അവർ വളർത്തുകയും ആ കുട്ടിക്ക് ഒരു തോണി ഉണ്ടാക്കി കൊടുക്കുകയും അതിൽ ആ കുട്ടി മത്സ്യങ്ങളെ  വിൽ ക്കാൻ പോവുകയും അതിനെ കൊണ്ട് വന്ന് കൊടുക്കുകയും അതവർ ഭക്ഷിക്കുകയു0 ചെയ്യ്തു. അങ്ങനെ ഒരു ദുഷ്ടനായ ഭൂതം  ഇത് അസൂയയോടെ കാണുകയും ആകുട്ടിയെ തട്ടികൊണ്ടു പോകുവാൻ വേണ്ടി കരുതുകയും ചെയ്തു അങ്ങനെ ഒരിക്കൽ തോണിതുഴഞ്ഞ് വരികയും അവിടെ അമ്മയുടെ

രൂപത്തിൽ ഭൂതം നിൽക്കുകയുംഅവനെ ഓരോന്നു പറഞ്ഞ് പ്രയരിപ്പിച്ചു അവനെ കഴിക്കാൻക്രൂട്ടികൊണ്ടുപൊവുകയു0 അവന് അത് മനസ്സിലാവുകയും അവനെഭൂതത്തിന്റെ വീട്ടിൽ കൊണ്ടു പൊയി ഭൂതത്തിന്റെ മകളോട്ഇവനെ ചുട്ടുതരാൻ ആവശ്യപ്പെട്ടു അവൾ അത് ചെയ്യുവാൻ പോയപ്പോൾ പ്രയരിപ്പിച് അവളെ അതിനകത്ത് കേറ്റി ചുടുകയു0 അതു ഭൂതത്തിന് വിളമ്പി വഛിട്ട് അവൻ അവിടുന്ന് ചാടിപോവുകയും ഭൂത0 അതെടുത്ത് കഴിക്കുകയു0 ചെയ്യുപിന്നീടാണ് ഭൂത0 മനസ്സിലാക്കുന്നത് അത് ഭൂതത്തിന്റ മകളാണെന്ന് അന്നേരമാണ് ഭൂതത്തിന് മക്കളുടെ വില അറിയുന്നത്.

കഥ

**സ്വർണ്ണമീനും കാക്കയും**

Vaishnavi
9A

ഒരു കുളത്തിൽ ഒരു സ്വർണ്ണ

മീനുണ്ടായിരുന്നു വലിയ അഹങ്കാരി ആയിരുന്നു അവൻ.

അയ്യയേ,നിങ്ങളെയൊക്കെകാണാൻ ഒരു ഭംഗിയുമില്ല എന്നാൽ

എന്നെ നോക്ക്എന്തു ഭംഗിയാ എനിക്ക് സ്വർണ്ണമീൻ എപ്പൊഴും

മറ്റുമീനുകളെകളിയാക്കുംഅങ്ങനെയിരിക്കെഒരുകാക്കചേട്ടൻഅതുവഴിവ

ന്നു. കുളത്തിൽ എന്തൊ സ്വർണ്ണനിറത്തിൽ വെട്ടിത്തിളങ്ങുന്നത്

കാക്ക ചേട്ടന്റെകണ്ണിൽപെട്ടു.ഹയ്യടാ അതൊരു സ്വർണ്ണമീനാണല്ലൊ

കാക്കചേട്ടന്റെ വായിൽ കപ്പലോടിക്കാനുള്ള വെള്ളം നിറഞ്ഞു

കാക്ക ചേട്ടൻ വെക്കം ആ സ്വർണ്ണമീനെ ഒറ്റ കൊത്ത്ഭാഗ്യത്തിന്

മീനിന്റെ കുഞ്ഞി ചിറകിന് മാത്രമേ കൊത്തു കൊണ്ടുള്ളു.

ഏതായാലും സ്വർണ്ണ മീനിന് നന്നായി വേദനിച്ചുതനിക്ക് സ്വർണ്ണ

**നിറം  ഉള്ളതുകൊണ്ടാണ് കാക്കചേട്ടൻ കൊത്തിയതെന്ന്മീനിന്**

**മനസിലായി.അതോടെ സ്വർണ്ണമീനിന്റെ അഹങ്കാരമെല്ലാം**

**പമ്പകടന്നു നല്ല മീനായി അവൻ ആ കുളത്തിൽ കഴിഞ്ഞുകൂടി.**

**ഗുണപാഠം: നമ്മുടെ അഹങ്കാരം നമുക്ക് ആപത്തുണ്ടാക്കും**

കവിത

# അമ്മ



ദേവിക

9B

സ്നേഹത്തിൻ വാത്സല്യം അമ്മ
അമ്മയുടെ താരാട്ട്പാട്ടിൽ ഞാൻ
എല്ലാം മറന്നു പോയി
അമ്മതൻ സ്നേഹത്തിൻ
അതിരുകളില്ല
അത് നുകരുവാൻ കഴിവുള്ളത്
ഭാഗ്യം തന്നെ
അമ്മയുടെ കൈയിൽ പിടിച്ചു പിച്ച–
വച്ച നാൾ മുതൽ
അമ്മയുടെ സ്നേഹത്തിൻ വാത്സല്യം
ഞാനറിഞ്ഞു
എന്റെ എല്ലാം എല്ലാം എന്റെ
അമ്മ ആയിരുന്നു
സ്നേഹത്തിൻ നുറുങ്ങ് കഥകൾ ചെർ–
ത്തെന്നെ വളർത്തി .

## A Marvellous Rain



Adhilekshmi

9B

Hey!Rain beautiful Rain

you are coming from the heaven.

You are looking like pearl.

You are touching to my face

Hey! Rain beautiful rain

you give our nature beautiful.
You adorn the feilds and valleys.
You are beautiful rain
A marvellous rain..

# സൗഹൃദം



അഖില

9:B

സൗഹൃദത്തിൽ പൂവിട്ടുനിൽക്കുമ്പോൾ
നീ എന്റെ മനസ്സിൽ
ഹർഷമുണർത്തുന്നു
നിന്റെ കൈയ്യാൽ പിടിച്ച നടന്ന
നാളുകൾ മനസ്സിൽ തുളുമ്പുന്നു
എന്നും നിലനിൽക്കുന്നു സ്നേഹമായ
ജീവിതം തുളുമ്പട്ടെ
ഈ സൗഹൃദത്തിൽ എന്നും
നിന്റെ ചിരിയിൽ
എന്റെ മനസ്സിന്റെ വിഷമം മാറ്റി
സന്തോഷമുണർത്തുന്നു
ഏതു വിഷമഘട്ടത്തിലും നിൻ പു-
ഞ്ചിരി തൻ സ്നേഹമുണർത്തുന്നു

ഉപന്യാസം



## പ്രളയത്തിൽ മനുഷ്യനുള്ള പങ്ക്

ശാലു എസ്      IX B

കേരളത്തിൽ ഉണ്ടായ ഏറ്റവു വലിയ ഒരു ദുരന്തമാണ് പ്രളയം. മരണത്തൽ നിന്ന് ജീവിതത്തിലേക്ക് എത്തിയ വളരെ ചുരുക്കം ആളുകൾ .കൊച്ചുകുഞ്ഞടക്കം വലിയവർ വരെ ഇതിനെല്ലാം കാരണം. മനുഷ്യർ ഭൂമിയോട് ചെയ്യുന്ന പെരും ക്രൂരതയാണ് .ഫ്ലാളറ്റുകൾ കെട്ടിപോക്കുന്ന ,മാലിന്യങ്ങൾ പുഴയിൽ വലിച്ച് എറിയുന്ന തുടങ്ങിയവ മനുഷ്യർ പ്രകൃതിയോട് ചെയ്യുന്ന ക്രൂരതയാണ്. ഇപ്പോൾ ഈ പ്രളയം വലിയവൻ എന്നോ ചെറിയവൻ എന്നോ ഇല്ല. ജാതി മതഭേതമില്ലാതെ ഒരു നേരത്തെ ആഹാരത്തിനു വേണ്ടി മനുഷ്യൻ കൈനീട്ടുന്നു.മനുഷ്യന്റെ ഈ വാശി ,വൈരാഗ്യം ആണ് ഇതിനെല്ലാം കാരണം. അതു കൊണ്ട് നമ്മുക്ക് ഇനിപ്രകൃതിയോട് ഇണങ്ങി ജീവിക്കാം.

## സൗന്ദര്യം

അർച്ചന എ എസ്
IX B

അടുക്കും തോറും
അകലുഅറിയുവാൻ നീയെന്ന്
പലകവികൾചൊല്ലി
നിന്നെ അറിയുന്ന ഞാൻ
നിന്നിൽ അടുക്കുന്ന ഞാൻ
പലരും പാടി പുകഴ്ത്തിനിന്നെ
പലരും ചിത്രത്തിലും
കവിതകളിലും , കഥകളിലും
വാനോളമുയർത്തി നിന്നുടെ ചാരു രഹസ്യമറിയാൻ
നാളുകൾ എറെയാകുന്നു ഇന്ന് ഇവിടെയിന്നും സൗന്ദര്യ
അപൂർവമാണ് അത് തേടുന്നവരിൽ
ഇന്ന് ഒരാൾ ഞാൻ മാത്രം

കഥ


# ഒരു അമ്മയും മകനും




**INDRAJA M**
**IX B**

ഒരു ദിവസം ആ അമ്മയും മകനും മാർക്കറ്റിൽ പോയി. അതിന് അവരുടെ അച്ഛൻ അമ്മയെ വഴക്കു പറഞ്ഞു അത് കേട്ട അവൻ വീട്ടിൽ നിന്ന് ഇറങ്ങി പോയി.കുറെ കഴിഞ്ഞ് മകനെ കാണാഞ്ഞ് അമ്മ അവനെ നോക്കി അവന്റെ പിറകെ പോയി അവിടെ ചെന്ന് അവനെ തിരക്കി അപ്പോൾ അവർ പറഞ്ഞു ഇവിടെ ഒന്നുമില്ല. അങ്ങനെ ആരും വന്നില്ല .അങ്ങനെ അവർക്ക് മകനെ കിട്ടി. അപ്പോൾ അവർ ചോദിച്ചു നീ എന്തിനാണ് ഇറങ്ങിപ്പോയത് അവൻപറഞ്ഞു അത് അമ്മയെ തല്ലുന്നത്ആണ് മക്കൾക്ക് കണ്ട് നിൽക്കാൻ കഴിയില്ല എന്ന് അവൻ പറഞ്ഞു .ഒരു അമ്മയുടെയും മകന്റെയുംസ്നേഹത്തിൽ ആർക്കും ഇടപെടാൻ ആകില്ല.

## ART GALLERY




ToM
by
Shuhaib.S


by
fathima
IX : B

# നന്ദി